ലാബ് അറ്റന്റർ തസ്തിക

5 (1021) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി എസ്.എ.ആർ.ബി.റ്റി.എം. ഗവൺമെന്റ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ ലാബ് അറ്റന്റർ തസ്തിക സൃഷ്ടിക്കുന്നതിനായി കോളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ;

(ബി) ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനാൽ കോളേജിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനും കോളേജിൽ മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത കോളേജിൽ സയൻസ് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ഡി) പ്രസ്തുത കോളേജിൽ നിലവിൽ ഭരണാനുമതി ലഭിച്ച പദ്ധതികളും നിർമ്മാണ പ്രവൃത്തികളും ഏതെല്ലാമാണെന്നും ആയതിന്റെ വിശദാംശങ്ങൾ സഹിതം അറിയിക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി ഗവൺമെന്റ് കോളേജിലെ അറ്റന്റർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ഇതേവരെ ലഭിച്ചതായി കാണുന്നില്ല. ധനനിയന്ത്രണ ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസലുകൾ ഗവൺമെന്റിൽ ലഭ്യമാക്കിയിരുന്നില്ല.

(ബി) ബി.എസ്സി., എം.എസ്സി. ഫിസിക്സ് ലാബുകൾ വളരെയധികം ഇടുങ്ങിയ മുറികളിലാണ് പ്രവർത്തിക്കുന്നത്. ഈ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 1.9 ലക്ഷം രൂപ അനുവദിച്ച് നബാർഡ് (RIDF) -ന്റെ ധനസഹായത്താൽ നടത്തുന്ന സയൻസ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുകയും സയൻസ് ബ്ലോക്കിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി NABARD-RIDF-XVI-ൽ ഉൾപ്പെട്ട പദ്ധതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ പുതുക്കിയ SOR അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതിനാൽ കരാറുകാരനിൽ നിന്നും കഷ്ടനഷ്ടങ്ങൾ ഈടാക്കി നിലവിലുള്ള കരാർ അവസാനിപ്പിച്ചശേഷം ടി പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുന്നതാണ്.

(ഡി) പ്രസ്തുത കോളേജിൽ നിലവിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ

യു.ജി.സി. ഫണ്ട് ഉപയോഗിച്ച് തുടങ്ങാൻ ഉദ്ദേശിച്ച പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 10-11-2010 തീയതിയിലെ കത്ത് പ്രകാരം യു.ജി.സി.-യുടെ ഫണ്ടിൽനിന്നും 60 ലക്ഷം രൂപയും 27-3-2015 തീയതിയിലെ ജി.ഒ.(ആർ.റ്റി.) നമ്പർ623/2015/ഹയർ എഡ്യൂക്കേഷൻ ഉത്തരവ് പ്രകാരം 140 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണം തുടങ്ങുന്നതിനായി പി.ഡബ്ല്യു.ഡി.-യെ അറിയിച്ചിട്ടുണ്ട്.

2. വാട്ടർ ടാങ്ക് പുതുക്കി പണിയുന്നത്

18-2-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 241/2013/ഹയർ എഡ്യൂക്കേഷൻ പ്രകാരം നിലവിലുള്ള വാട്ടർ ടാങ്ക് പൊളിച്ച് പുതിയ ടാങ്ക് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 2012-13-ൽ പ്ലാൻ ഫണ്ട് സി.ഐ.യു.പി. ഹെഡിൽ 30 ലക്ഷം രൂപ അനുവദിക്കുകയും ഡെപ്യൂട്ടി ഡയറക്ടർ ടി ഇക കോഴിക്കോട് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി പണി തുടങ്ങാൻവേണ്ടി ആവശ്യപ്പെട്ടതിൻ പ്രകാരം 20-4-2015-ൽ പി.ഡബ്ല്യു.ഡി.-യിൽ നിന്നും 37,00,000 രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചു. 7 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.-യിൽ ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ പണി തുടങ്ങുകയുള്ളൂ. ടി ഫണ്ടിനുവേണ്ടി 2015-16 പ്ലാൻ ഫണ്ടിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3. Ladies Amenities Centre - ന്റെ നിർമ്മാണ പ്രവർത്തനം - 8 ലക്ഷം രൂപ ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.

4. കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം-25 ലക്ഷം രൂപ- ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.

LIBRARY ARCHIVES Kerala Legislative Assembly